II ഇ.ബി. XV-കേരള നിയമസഭ/I-3

**പതിനഞ്ചാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 ജൂൺ 9, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

8 (*61) **കിഫ്ബിയിൽ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട്**

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വികസന വകുപ്പുകൾക്ക് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, ഐ.റ്റി.ഐ.കൾ, ക്രാഫ്റ്റ് വില്ലേജ് എന്നിവ ആരംഭിക്കുന്നതുൾപ്പെടെ വിവിധ പ്രവൃത്തികൾക്ക് കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ടെന്നും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18-ൽ 22 കോളനികളുടെ വികസന

പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 2020-21ൽ തെരഞ്ഞെടുത്ത 62 കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും എസ്.സി/എസ്.ടി. ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും നെറ്റ് കണക്ടിവിറ്റി ലഭ്യമാക്കി ഓൺലൈൻ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പട്ടികജാതി കോളനി നവീകരണ പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതാണ്. പാലക്കാട് മെഡിക്കൽ കോളേജിന്റെ വികസന പദ്ധതികൾ കിഫ്ബിയിലുൾപ്പെടുത്താൻ കഴിയുമോയെന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണെന്നും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പാലക്കാട് സ്പോർട്സ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണെന്നും മന്ത്രി അറിയിച്ചു. ത്രിതലപഞ്ചായത്തുകൾ മുഖേനയുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണെന്നും മണ്ഡലാടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായി എസ്.സി/എസ്.ടി ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും

കോവിഡിന്റെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്നവരെ സംരക്ഷിക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് പുറമെ ആവശ്യമെങ്കിൽ കൂടുതൽ ഇടപെടലുകൾ നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9 (*62) **<u>കുടിവെള്ള വിതരണ സംവിധാനം</u>**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ പദ്ധതി 2024-ൽ പൂർത്തിയാകുന്നതോടെ ഗ്രാമീണ-തീരദേശമേഖലകളിലെ കുടിവെള്ള വിതരണ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടുമെന്നും നഗരമേഖലയിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി, അമൃത്, കെ.എസ്.യു.ഡി.പി. എന്നിവ മുഖേനയുള്ള വൻകിട-ചെറുകിട പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ ഭൂജലവകുപ്പിന്റെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതികളിലൂടെ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കിയും റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, തീരദേശ വികസന അതോറിറ്റി തുടങ്ങിയവ വഴി നടപ്പാക്കുന്ന പദ്ധതികൾ മുഖേനയും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ജപ്പാൻ കുടിവെള്ള

പദ്ധതിയിൽപ്പെട്ട ബാക്കി പണികൾ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചുവരികയാണ്. നാദാപുരം മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളെ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പദ്ധതിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തിമാത്രമായിരിക്കും പൈപ്പ്‌ലൈനുകൾ നീട്ടുന്ന കാര്യം പരിഗണിക്കുകയെന്നും ഇക്കാര്യത്തിൽ ഭരണപരമായ പ്രശ്നങ്ങളുണ്ടെങ്കിൽ ചർച്ച ചെയ്ത് അപാകതയില്ലാതെ മുന്നോട്ടുപോകുന്നതാണെന്നും കയ്യേറ്റം, മലിനീകരണം എന്നിവയിൽ നിന്നും കുടിവെള്ളസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് കൂട്ടായ ശ്രമം ആവശ്യമാണെന്നും വകുപ്പുതലത്തിൽ ഇതിനായി മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരുന്ന കാര്യം പരിശോധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. തൃശ്ശൂർ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജനപ്രതിനിധികളുമായി കൂടിയാലോചന നടത്തുന്നതാണെന്നും പദ്ധതികൾ അനന്തമായി നീണ്ടുപോകാതെ പകരം സംവിധാനമേർപ്പെടുത്തി കുടിവെള്ള വിതരണം ആരംഭിക്കുന്നതാണെന്നും ആലപ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വീഴ്ചകൾ പരിഹരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. നാഷണൽ ഹൈവേ

അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരുമായി ചർച്ച ചെയ്ത് എറണാകുളം നഗരമേഖലയിലെ കുടിവെള്ള വിതരണ പദ്ധതിയിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കാലപ്പഴക്കംചെന്ന പൈപ്പുലൈനുകൾ മാറ്റുന്ന കാര്യം പരിശോധിക്കുന്നതാണെന്നും കാലാവസ്ഥാവ്യതിയാനവും ജലസ്രോതസ്സുകളുടെ കുറവും പരിഗണിച്ച് ദീർഘവീക്ഷണത്തോടെയുള്ള കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*63) **ജലസംരക്ഷണ പദ്ധതികൾ**

ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മലിനമാക്കപ്പെട്ട നദികളും പുഴകളും ശുചീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും രൂക്ഷമായി മലിനീകരിക്കപ്പെട്ട 21 നദികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും സംസ്ഥാനത്തെ മുഴുവൻ നദികളും ശുചീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ശുചീകരണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതും മലിനീകരണ തോത് കുറയ്ക്കാൻ ശ്രമിക്കുന്നതോടൊപ്പം സാധ്യമായ ഇടങ്ങളിൽ എസ്.ടി.പി., ഇ.ടി.പി. പ്ലാന്റുകൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. എക്കലും

മണലും നീക്കം ചെയ്ത് ജലസംഭരണികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും മഴവെള്ള സംഭരണികളുടെ നിർമ്മാണം ഊർജ്ജിതപ്പെടുത്തുന്നതാണെന്നും ആമയിഴഞ്ചാൻതോടിന്റെ പുനരുദ്ധാരണ പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കി തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ടിന് പരിഹാരം കാണുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.